LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി വാഴാനിയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ

125 [3712] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനിയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരിൽ എത്ര കുടുംബങ്ങൾക്ക് വീടും ഭൂമിയും സ്വന്തമായുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭൂമിയും വീടും നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇവർക്ക് തൊഴിലിനുവേണ്ടിയുള്ള എന്തു സൗകര്യങ്ങളാണ് സർക്കാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടിണിയിലായ ഈ ആദിവാസികൾക്ക് സൗജന്യ റേഷൻ നല്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 1992 മുതൽ 2003 വരെയുള്ള കാലഘട്ടത്തിൽ വാഴാനി (കാക്കിനിക്കാട്) മലയൻ കോളനിയിലെ 10 കുടുംബങ്ങൾക്കും വീടുകൾ അനുവദിച്ചു നല്കിയിട്ടുണ്ട്. 20 സെന്റു മുതൽ ഒന്നര ഏക്കർ വരെ കൈവശ രേഖയുള്ള വനഭൂമിയും 10 വീടുകളും ഉണ്ട്. ഈ കോളനിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, വസ്ത്രവിതരണം. രക്ഷിതാക്കൾക്കായുള്ള പ്രോത്സാഹന ഗ്രാന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) കൂലിപ്പണിയാണ് ഉപജീവനമാർഗ്ഗം. ടി.എസ്.പി.-യിൽ ഉൾപ്പെടുത്തി വരുമാന വർദ്ധനവിനായി 2 ആടുകൾ വീതം ഓരോ കുടുംബത്തിനും നല്കിയിട്ടുണ്ട്.

(ഇ) കളക്ടർ അനുവദിച്ച സൗജന്യ റേഷൻ ഇപ്പോൾ എല്ലാ കുടുംബങ്ങൾക്കും നല്കുന്നുണ്ട്.